**ഹൈസ്കൂൾ**

**കൂട**

നിരീക്ഷണം



**പ്രവർത്തനം 1**

# പാലിൻഡ്രോമിക് സംഖ്യ

കൂട്ടുകാർ "പാലിൻഡ്രോം " എന്ന് കേട്ടിട്ടുണ്ടാകുമല്ലോ ? ഗ്രീക്ക് ഭാഷയിലെ പാലിൻഡ്രോം എന്ന പദത്തിൽ നിന്നാണ് പാലിൻഡ്രോം എന്ന വാക്കുണ്ടായത്. തിരിഞ്ഞു നോട്ടം എന്നാണ് ഇതിൻ്റെ അർത്ഥം. അതായത് മുന്നോട്ടും പിന്നോട്ടും ഒരു പോലെ വായിക്കാവുന്ന പദങ്ങളെയും വാക്യങ്ങളെയും പാലിൻഡ്രോംസ് എന്ന് വിളിക്കാം .

മലയാളത്തിലെ കത്രിക, മഹിമ, കറുക, മോരു തരുമോ?
ഇവ ഉദാഹരണം
ഇംഗ്ലീഷിലെ rotator, Civic, was it a car or a cat I Saw..
ഇവയും.

**ഇനി സംഖ്യാ ലോകത്തേക്ക് വന്നാലോ**

121,3003 ,12321 ഈ സംഖ്യകൾ നോക്കൂ.
മുന്നോട്ടും പിന്നോട്ടും ഒരു പോലെ വായിക്കാം അല്ലെ ?

**ഇനി പ്രവർത്തനത്തിലേക്ക് കടക്കാം ...**





അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

## ഹൈസ്കൂൾ

# കൂട

### നിരീക്ഷണം



## പ്രവർത്തനം 1

പാലിൻഡ്രോമിക് സംഖ്യകൾ പരമാവധി കണ്ടെത്തി അപഗ്രഥിച്ച് അവയുടെ സവിശേഷതകൾ കണ്ടെത്തുക. (രണ്ട്പാലിൻഡ്രോമിക് സംഖ്യകളുടെ തുകയോ ഗുണനഫലമോ മറ്റൊരു പാലിൻഡ്രോമിക് സംഖ്യ ആകുമോ? പാലിൻഡ്രോമിക് അഭാജ്യ സംഖ്യകൾ കണ്ടെത്താമോ? അവയുടെ ശ്രേണികൾക്ക് എന്തെങ്കിലും പ്രത്യേകത ഉണ്ടോ?) ഇത്തരത്തിലുള്ള അന്വേഷണാത്മക ചോദ്യങ്ങളിലൂടെയുള്ള പഠനത്തിൽ നിന്നും പാലിൻഡ്രോമിക് സംഖ്യകളുടെ പരമാവധി സവിശേഷതകൾ കണ്ടെത്തുക.

**നിങ്ങളുടെ നിഗമനങ്ങൾ ഒരു റിപ്പോർട്ട് രൂപത്തിൽ തയ്യാറാക്കുക.**



അറിയാം നിറയാം ഉയരാം

യുറീക്ക-ശാസ്ത്രകേരളം വിജ്ഞാനോത്സവം